പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 97. 12/06/2014 -ൽ മറുപടിക്ക്

## ഭൂമിയുടെ ന്യായവില നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ;<br>,, കോടിയേരി ബാലകൃഷ്ണൻ;<br>,, എം. ചന്ദ്രൻ;<br>,, കെ.വി. അബ്ദുൾ ഖാദർ. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഭൂമിയുടെ ന്യായവില നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിട്ടുപോയ പ്രദേശങ്ങളിലെ വിലനിർണ്ണയം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ ; | എ) ഭൂമിയുടെ ന്യായവില നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുവാൻ ലഭിക്കുന്ന അപേക്ഷകളിൽ എല്ലാംതന്നെ നടപടികൾ സ്വീകരിച്ച്, അപാകതകൾ പരിഹരിച്ചു നൽകുന്നുണ്ട്. കൂടാതെ ന്യായവില രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയ കേസുകൾ അപേക്ഷകൾ ലഭിക്കുന്നതനുസരിച്ച് വില നിർണ്ണയ നടപടികൾ നടത്തി വരുന്നുണ്ട്. |
| ബി) ന്യായവില നിർണ്ണയിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ഭൂമി രജിസ്ട്രേഷന് തടസ്സമുണ്ടോ; | ബി) ഇല്ല. |
| സി) ന്യായവില നിർണ്ണയത്തിലെ അപാകതകൾ ഉദ്യോഗസ്ഥരുടെ അഴിമതിക്കും റിയൽ എസ്റ്റേറ്റ് ലോബികൾക്ക് നേട്ടമുണ്ടാക്കുന്നതിനും ഇടയാക്കിയിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) ന്യായവില നിർണ്ണയത്തിലെ അപാകതകൾ രജിസ്ട്രേഷൻ വഴിയുള്ള വരുമാനത്തെ ബാധിച്ചിട്ടുണ്ടോ ; | ഡി) സാരമായി ബാധിച്ചിട്ടില്ല. |
| ഇ) ന്യായവില നിർണ്ണയ നടപടികൾ എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ? | ഇ) ഭൂമിയുടെ ന്യായവില നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുവാൻ ലഭിക്കുന്ന അപേക്ഷകളിൽ എല്ലാം തന്നെ നടപടികൾ സ്വീകരിച്ച്, അപാകതകൾ പരിഹരിച്ചു നൽകുന്നുണ്ട്. കൂടാതെ |

ന്യായവില രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയ കേസുകളിലും അപേക്ഷകൾ ലഭിക്കുന്നതനുസരിച്ച് വില നിർണ്ണയ നടപടികൾ നടത്തി വരുന്നുണ്ട്. ന്യായവില നിശ്ചയിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിനായുള്ള അപ്പീലുകൾ സമർപ്പിക്കുന്നത് തുടർ പ്രക്രിയയാണ്. ഇത്തരം അപ്പീലുകൾ ലഭിക്കുന്ന മുറക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ആയതിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

എഫ്) ഭൂമി രജിസ്ട്രേഷനിലൂടെ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷവും ഈ വർഷം ഇതു വരെയും ലഭിച്ച വരുമാനം സംബന്ധിച്ച കണക്കുകൾ താരതമ്യം ചെയ്തിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

എഫ്) ഉണ്ട്.

2012-13 സാമ്പത്തിക വർഷം ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 688.40 കോടി രൂപയും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 2010.97 കോടി രൂപയും ലഭിച്ചു. 2013-14 ൽ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 704.05 കോടി രൂപയും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 1543.38 കോടി രൂപയും ലഭിച്ചു.

2013-14 സാമ്പത്തിക വർഷം മുൻ വർഷത്തെ അപേക്ഷിച്ച് രജിസ്ട്രേഷൻ ഫീസിനത്തിൽ 15.65 കോടി രൂപയുടെ (2 %) വർദ്ധനവ് ഉണ്ടായെങ്കിലും സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 467.59 കോടി രൂപയുടെ (23 %) കുറവ് വന്നിട്ടുണ്ട്.

2013 ഏപ്രിൽ, മേയ് മാസങ്ങളിലെ ആകെ വരുമാനം 419.49 കോടി രൂപയും, 2014 ഏപ്രിൽ, മേയ് മാസങ്ങളിലെ ആകെ വരുമാനം 348.74 കോടി രൂപയും ആണ്. 2013 ഏപ്രിൽ, മേയ് മാസങ്ങളിലെ വരുമാനത്തിൽ നിന്ന് 70.75 കോടിയുടെ കുറവ് 2014 ഏപ്രിൽ, മേയ് മാസങ്ങളിൽ വന്നിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.